(സി) വിഴിഞ്ഞം പദ്ധതിക്കായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റുകളിൽ വകയിരുത്തി ലഭ്യമാക്കിയ തുക ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	തുക
2004-05	50,00,000
2005-06	NIL
2006-07	NIL
2007-08	13,25,00,000
2008-09	27,99,65,000
2009-10	25,00,00,000
2010-11	1,40,85,73,000
2011-12	1,95,00,00,000
2012-13	2,26,52,97,000
2013-14	1,00,00,00,000
2014-15	NIL
ആകെ തുക	7,29,13,35,000

വിഴിഞ്ഞം തുറമുഖം പദ്ധതി

56(5641) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖം പദ്ധതിയുടെ കാര്യത്തിൽ സർക്കാർ എടുത്ത അന്തിമ തീരുമാനം വിശദമാക്കാമോ ;

(ബി) സർവ്വകക്ഷി യോഗത്തിലും കമ്പനി ബോർഡ് യോഗത്തിലും ഉയർന്നുവന്ന എന്തെല്ലാം നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി ; അവഗണിച്ചവ എന്തെല്ലാം ; മാറ്റം വരുത്തിയവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏക ബിഡ് സ്വീകരിക്കുമ്പോൾ സർവ്വകക്ഷി യോഗത്തിലുന്നയിക്കപ്പെട്ട എന്തെങ്കിലും നിലയിലുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുകയുണ്ടായോ ;

(ഡി) തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രത്യേക അംഗീകാരം പോലും വാങ്ങിക്കൊണ്ടുള്ള വളരെ ധൃതി പിടിച്ച നടപടികൾ പെട്ടെന്ന് സാവധാനത്തിലാകാൻ കാരണം എന്തായിരുന്നു ;

(ഇ) അദാനിയുടെ ബിഡിന്റെ കാര്യത്തിൽ ഏതെല്ലാം മേഖലകളിൽ നിന്ന് എതിർപ്പ് രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ എംപവേർഡ് കമ്മിറ്റിയുടെയും വിഴിഞ്ഞം ഇറമുഖ ബോർഡിന്റെയും ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡിന് ലെറ്റർ ഓഫ് അവാർഡ് നൽകാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 13-7-2015-ന് അദാനി പോർട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡിന് ലെറ്റർ ഓഫ് അവാർഡ് നൽകി.

(ബി) സർവ്വകക്ഷി യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് ബിഡ്ഡുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഫിനാൻഷ്യൽ ബിഡ്ഡും എംപവേർഡ് കമ്മിറ്റിയുടെ ശുപാർശകളും കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. വിഴിഞ്ഞം പദ്ധതിക്കായുള്ള എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയെ തുടർന്ന് വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ കമ്പനിയുടെ ബോർഡ് അദാനി പോർട്ട്സ് ആന്റ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡ് സമർപ്പിച്ച ബിഡ്ഡിന് അംഗീകാരം നൽകുന്നതിനുള്ള ശുപാർശയാണ് സർക്കാരിന് നൽകിയത്. ഇത് സർക്കാർ അംഗീകരിച്ചു. ടെണ്ടർ വ്യവസ്ഥകൾ പ്രകാരം ബിഡ് ഡേറ്റിന് മുമ്പുതന്നെ അംഗീകരിച്ച് ബിഡ്ഡറിന് നൽകിയിട്ടുള്ള കരാറിലെ ഒരു വ്യവസ്ഥകളും നിയമപരമായി മാറ്റം വരുത്തുവാൻ സാധ്യമല്ല.

(സി) റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP), ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റ് (DCA) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടന്നിട്ടുള്ള അന്താരാഷ്ട്ര മത്സരാധിഷ്ഠിത ടെണ്ടറിൽ നേരത്തെ അംഗീകരിച്ചു നൽകിയിട്ടുള്ള കരട് കരാറിൽ നിയമാനുസൃതം ഒരു മാറ്റവും വരുത്തുവാൻ സാധ്യമല്ല.

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതിക്കുള്ള ബിഡ് നൽകുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കുന്നതിനുള്ള കാലതാമസം മാത്രമേ ഈ കാര്യത്തിൽ സർക്കാരിന് ഉണ്ടായിട്ടുള്ളൂ.

(ഇ) സർവ്വകക്ഷി യോഗത്തിൽ പ്രതിപക്ഷ നേതാവ് നൽകിയ കുറിപ്പ് അല്ലാതെ മറ്റു കുറിപ്പുകളൊന്നും ഔദ്യോഗികമായി രേഖപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly